(ബി) മിനിമം വേതനം നോട്ടിഫിക്കേഷൻ ഉത്തരവ് ലഭിച്ചിട്ടുള്ള മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നുണ്ടോ എന്ന് മേൽ സ്ഥാപനങ്ങളിലെ പരിശോധനാ വേളകളിൽ പരിശോധന ഉദ്യോഗസ്ഥന്മാർ ഉറപ്പുവരുത്തുകയും ആയത് സംബന്ധിച്ച് എന്തെങ്കിലും നിയമലംഘനം കണ്ടെത്തിയാൽ ക്ലെയിം പെറ്റീഷനും പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുകയും ചെയ്തു വരുന്നു.

(സി) ഉണ്ട്. ആദ്യഘട്ടമായി ഐ.ടി. മേഖല, ചെറുകിട ബാങ്കുകൾ, സ്വകാര്യ ആശുപത്രികൾ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജ്വല്ലറികൾ, ടെക്സ്റ്റയിൽസ്, നിർമ്മാണ മേഖല എന്നീ / മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശമ്പളം ബാങ്കുവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസവാനുകൂല്യ ആക്ട് കേന്ദ്രനിയമമായതിനാൽ ടി നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

### തൊഴിലാളിക്ഷേമ പുനരധിവാസ പദ്ധതികൾ

214 (4066) ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികൾക്കായി നഗരങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകാൻ തൊഴിൽവകുപ്പ് ഉദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) തൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെയും കെട്ടിട നിർമ്മാതാക്കളുടെയും സഹകരണത്തോടുകൂടി ലേബർ ഷെൽറ്റർ നിർമ്മിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരള കുടിയേറ്റ തൊഴിലാളിക്ഷേമ പദ്ധതിയിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിക്കുകയും അവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകിവരുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളെ, അവർ ജോലി ചെയ്യുന്ന സൈറ്റിൽ ചെന്ന് രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം അംഗങ്ങൾ ആകുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, ആശ്വാസ ധനസഹായം അംഗത്വം നിലനിൽക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം മരണമടഞ്ഞ തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly